LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ

250(1235) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും അപകടാവസ്ഥയും പരിഹാരമായി ഡിപ്പോയുടെ സമഗ്രവികസനത്തിനായി കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വാണിജ്യ/വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്ക് സാദ്ധ്യതയുള്ള കൊല്ലം അടക്കമുള്ള ചില ഡിപ്പോകൾ, ഡിപ്പോ പ്രവർത്തനത്തിന് തടസ്സമില്ലാത്ത തരത്തിൽ പ്രസ്തുത ആവശ്യങ്ങൾക്കായി Public - Private Partnership (PPP) മാതൃകയിൽ ദീർഘകാലത്തേയ്ക്ക് പാട്ടത്തിന് നൽകി ഒറ്റ തവണയായി വൻ തുകകൾ സമാഹരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന KSRTC ഭരണസമിതിയുടെ ഉപസമിതി നല്കിയ ശിപാർശ പരിഗണിച്ച് സാദ്ധ്യതാ പഠനത്തിന് Project Management Consultant ആയ M/s. Silk Limited-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരണം

251(1236) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നവീകരണത്തിനായി 2016-2021 കാലയളവിൽ റോഡ് ട്രാൻസ്പോർട്ട് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

തൃശ്ശൂർ ബസ് സ്റ്റേഷനിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന പ്രവൃത്തിക്കായി മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി M/s. INKEL Ltd എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി കിഫ്ബി മുഖാന്തരം പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മുൻ കൃഷി വകുപ്പുമന്ത്രിയും തൃശ്ശൂർ എം.എൽ.എ.യുമായിരുന്ന ശ്രീ. വി. എസ്. സുനിൽകുമാർ ആവശ്യപ്പെട്ടിരുന്നെങ്കിലും തൃശ്ശൂർ ബസ് സ്റ്റേഷന്റെ സമഗ്ര വികസനം സംബന്ധിച്ചുള്ള പദ്ധതി കിഫ്ബി പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ധനസഹായത്തിനായി പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല. M/s. INKEL Ltd മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട്

റിപ്പോർട്ടും സമർപ്പിക്കുന്നതിന് KSRTC Project Management Consultant ആയി നിയമിച്ചിട്ടുള്ള M/s. Hindustan Prefab Ltd.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബസ് സ്റ്റാൻഡ് നവീകരണത്തിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. M/s. Hindustan Prefab Ltd., മാസ്റ്റർ പ്ലാനും DPR-ഉം സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കുന്നതിന് വീണ്ടും ശ്രമിക്കുന്നതാണ്. അല്ലാത്തപക്ഷം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

ശങ്കരമംഗലം ബസ് സ്റ്റോപ്പ് വിപുലീകരണം

252(1237) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആയിരക്കണക്കിന് യാത്രക്കാർ ആശ്രയിക്കുന്ന, ചവറ ശങ്കരമംഗലം ജംഗ്ഷനിൽനിന്നും കാട്ടിൽമേക്കതിൽ ക്ഷേത്രത്തിലേയ്ക്ക് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റോപ്പ് വിപുലീകരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ശങ്കരമംഗലം ജംഗ്ഷനിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുരോഗതി ഉണ്ടാകുന്ന മുറയ്ക്ക് ചവറ ശങ്കരമംഗലം ജംഗ്ഷനിൽ പുതുതായി ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതാണ്.

കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം

253(1238) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സ.ഉ. (സാധാ) നമ്പർ 349/2020/ഗതാ തീയതി 24-10-2020 ഉത്തരവ് പ്രകാരം കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോ നിർമ്മാണത്തിനായി ഭരണാനുമതി നൽകുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിലേക്ക് കെ.എസ്.ആർ.ടി.സി. 50 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കോന്നി

LIBRARY ARCHIVES Kerala Legislative Assembly